കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - മറ്റത്തൂർ ഗ്രാമപഞ്ചായത്ത് വെള്ളിക്കുളങ്ങര ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് സ്ഥലമേറ്റെടുക്കുന്നതിന് അനുമതി നല്കിയ സർക്കാർ ഉത്തരവിലെ സർവ്വേ നമ്പരിൽ തിരുത്തൽ വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്

സ.ഉ(സാധാ) നം. 2876/15/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം: 19.9.2015.

പരാമർശം:1. 14/09/1998ലെ സ.ഉ(സാധാ) നം..2728/98/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.
2. മറ്റത്തൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 20/04/2015ലെ 2(1)ാം നമ്പർ. തീരുമാനം
3. പഞ്ചായത്ത് ഡയറക്ടറുടെ 29/06/2015ലെ സി239173/13 നമ്പർ കത്ത്.

ഉത്തരവ്

മറ്റത്തൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ വെള്ളിക്കുളങ്ങര ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപിക്കുന്നതിന് വെള്ളിക്കുളങ്ങര വില്ലേജിൽ സർവ്വേ നമ്പർ 232ൽ പ്പെട്ട 7 ½ സെന്റ് ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി നല്കിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

എന്നാൽ പ്രസ്തുത സ്ഥലമെടുപ്പുവേളയിൽ സർവ്വേ നമ്പരിൽ മാറ്റമുണ്ടെന്ന് വ്യക്തമായതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവിൽ സർവ്വേ നമ്പർ തിരുത്തി ലഭിക്കുന്നതിനുവേണ്ടി മറ്റത്തൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി പരാമർശം (2) പ്രകാരം തീരുമാനിക്കുകയും പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (3) പ്രകാരമുള്ള കത്തിനോടൊപ്പം മറ്റത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ സർക്കാരിൽ സമർപ്പിക്കുകയുമുണ്ടായി.

....2/-

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (1) പ്രകാരമുള്ള സർക്കാർ ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുള്ള സർവ്വേ നമ്പർ 232 എന്നത് സർവ്വേ നമ്പർ 235/1 എന്ന് തിരുത്തിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ബി. മുരളീധരൻ നായർ
ഡെപ്യൂട്ടി സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി

പഞ്ചായത്ത് ഡയറക്ടർ , തിരുവനന്തപുരം
ജില്ലാ കളക്ടർ, തൃശ്ശൂർ
സെക്രട്ടറി, മറ്റത്തൂർ ഗ്രാമപഞ്ചായത്ത്, മറ്റത്തൂർ പി.ഒ, തൃശ്ശൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്എൽ.ബി.എ & എ), തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ